പതിനൊന്ന്

# മലയാളിക്കു ഒരു പൊതുസമൂഹം

## ഡോ. കെ.എസ്സ്. രാധാകൃഷ്ണൻ

**കേ**രളീയരെ ഒരു പൊതുസമൂഹമാക്കി മാറ്റാൻ നേതൃത്വം നല്കിയ നവോത്ഥാന നായകനാണ് ചാവറയച്ചൻ (1805–1871). ചാവറയച്ചൻ ജനിക്കുന്നത് 207 കൊല്ലം മുമ്പാണ്. അക്കാലത്തെ കേരളീയസമൂഹം ജാതിജടിലമായിരുന്നു. ജാതിമതഭേദങ്ങളുടെ അടിസ്ഥാനത്തിൽ വിഘടിതമായിരുന്ന ഒരു കലമ്പലിനെയാണു പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളീയസമൂഹം എന്നതുകൊണ്ട് അർഥമാക്കുന്നത്. പൊതുസമൂഹം എന്ന സങ്കല്പം അന്നു രൂപം കൊണ്ടിരുന്നില്ല.

ജാതിഭേദത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിതമായ അകലം ഓരോ ജാതിസംഘങ്ങളും പാലിച്ചിരുന്നു. അതു ലംഘിക്കുന്നതു കുറ്റകരമായിരുന്നതുകൊണ്ട് അതിനാരും ധൈര്യപ്പെട്ടിരുന്നില്ല. ജാതികൾക്കുള്ളിലെ ഉപജാതികൾ തമ്മിലും തീണ്ടാപ്പാട് അകലങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് എല്ലാവർക്കും ഒരുമിച്ചുകൂടാനും കൂട്ടായി പ്രവർത്തിക്കാനും അവസരമുണ്ടായിരുന്നില്ല.

ജാതിഭേദവിചാരത്താൽ ഹതം ചെയ്യപ്പെട്ട ഒരു സാമൂഹിക വ്യവസ്ഥയിലാണ് ജാതിമതഭേദ വിചാരത്തിനതീതമായ ഒരു പൊതു സമൂഹ സൃഷ്ടിക്കുള്ള കർമപദ്ധതികളുമായി ചാവറയച്ചൻ പ്രവർത്തനമാരംഭിച്ചത്. 1864-ൽ *ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം* എന്ന നിയമം നടപ്പിലാക്കിക്കൊണ്ടായിരുന്നു കേരളത്തിലെ പൊതുസമൂഹനിർമിതി ആരംഭിച്ചത്. പള്ളികളോടൊപ്പം പള്ളിക്കൂടങ്ങളുണ്ടാവുകയും ആ പള്ളിക്കൂടങ്ങളിൽ ജാതിമതഭേദാതീതമായി സർവർക്കും പ്രവേശനം നല്കുകയും ചെയ്ത ആ ദിവസമാണു കേരളത്തിലെ പൊതുസമൂഹനിർമിതിയുടെ ആദ്യദിനം.

ഏതൊരു പൊതുസമൂഹത്തിനും പൊതുവായ ലക്ഷ്യബോധം, പൊതുവായ കൂട്ടായ്മ, പൊതുവായ കർമപരിപാടി എന്നിവയുണ്ടാകണം. ഇന്ത്യയിൽ

ഇവയെല്ലാം ഉണ്ടാക്കിയത് ഇന്ത്യയുടെ ദേശീയപ്രസ്ഥാനമായിരുന്നു. 1916 ഫെബ്രുവരി ആറിനു ശേഷമാണ് അതിനു തുടക്കം കുറിക്കപ്പെട്ടത്. 1915 ഡിസംബർ 27 മുതൽ 29 വരെ നടന്ന ബോംബെ എ.ഐ.സി.സി.യിലാണു മഹാത്മാഗാന്ധി ആദ്യമായി കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്തു പ്രസംഗിച്ചത്. 1916 ഫെബ്രുവരി ആറിന് ബനാറസ് ഹിന്ദു സർവകലാശാലയിലെ ഒരു യോഗത്തിൽ, കിന്നരി തലപ്പാവും അധികാരചിഹ്നങ്ങൾ പതിച്ച അങ്കവസ്ത്രങ്ങളും ധരിച്ച രാജാക്കന്മാരെയും പ്രഭുക്കന്മാരെയും സാക്ഷി നിർത്തിക്കൊണ്ടാണ് അവർ മാത്രമല്ല ഇന്ത്യ എന്നു ഗാന്ധിജി പ്രഖ്യാപിച്ചത്.

ഈ പ്രഖ്യാപനമായിരുന്നു ഇന്ത്യയിലെ പൊതുസമൂഹനിർമിതിയുടെ ആദ്യത്തെ ചുവടുവയ്പ്. ഇന്ത്യയിലെ ഏഴു ലക്ഷത്തിലേറെ ഗ്രാമങ്ങളിലെ നാനാജാതി മതസ്ഥർ ഒരുമിച്ച് ചേർന്ന് ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതാണ് ഇന്ത്യ എന്ന അവബോധം അന്നത്തെ കോൺഗ്രസ് നേതാക്കൾക്കുപോലും ഉണ്ടായിരുന്നില്ല. പൊതുവായ കർമപരിപാടികളും പ്രവർത്തനലക്ഷ്യങ്ങളുമായി ഒത്തൊരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകത ഇന്ത്യക്കാർക്കു ബോധ്യമായതു പിന്നെയും വളരെക്കഴിഞ്ഞാണ്.

കേരളത്തിൽ അതിനു മുമ്പേതന്നെ ഈ പൊതുസമൂഹനിർമിതി ആരംഭിച്ചിരുന്നു. പൊതുവിദ്യാഭ്യാസം എന്ന സങ്കല്പത്തിലൂടെയാണു പൊതുവായ കർമപരിപാടികളും പ്രവർത്തനരീതികളും കേരളത്തിൽ ആവിർഭവിച്ചത്. ജാതിമതഭേദങ്ങൾക്ക് അതീതമായി മനുഷ്യർക്കു വിദ്യാഭ്യാസം നേടാമെന്ന വിശ്വാസം കേരളീയർക്ക് ഒരു പുതിയ പ്രത്യാശ നല്കി. ഏതു കാലത്തും ഏതു സമൂഹത്തിലും അധികാരത്തിലും സമ്പത്തിലുമുള്ള ആധിപത്യം നിർണയിക്കപ്പെട്ടിരുന്നത് ആ ജനതയ്ക്ക് വിജ്ഞാനത്തിലുള്ള അധികാരത്തെ ആശ്രയിച്ചായിരുന്നു. ഈ അർഥത്തിൽ ഏതു സമ്പദ്വ്യവസ്ഥയും വിജ്ഞാനസമ്പദ്വ്യവസ്ഥ തന്നെയായിരുന്നു.

പൊതുവിദ്യാലയം എന്ന ആശയത്തിനു കർമരൂപം നല്കുന്നതിലൂടെ അധികാരത്തിന്റെയും സമ്പത്തിന്റെയും പദവികളുടെയുമെല്ലാം അധികാരികളാക്കി പൊതുസമൂഹത്തെ, ജാതിമതഭേദാതീതമായി സർവരേയും മാറ്റുക എന്ന ലക്ഷ്യത്തിലേക്കാണു ചാവറയച്ചൻ നമ്മുടെ സമൂഹത്തെ നയിച്ചത്. പൊതുവിദ്യാഭ്യാസം നല്കുന്നതിലൂടെ പൊതുസമൂഹത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേക്കു ചാവറയച്ചൻ നടന്നുതുടങ്ങി. 46 വർഷത്തിനുശേഷമാണ് അത്തരമൊരാശയത്തിനു തിരുവിതാംകൂറിൽ വേരോട്ടമുണ്ടായത്. കൊച്ചിയിലാകട്ടെ വീണ്ടും നാലുവർഷംകൂടി അതിനായി കാത്തിരിക്കേണ്ടിയും വന്നു.

പൊതുസമൂഹസൃഷ്ടിക്കായി ലോകത്ത് എവിടെയും എന്നും വിദ്യാലയങ്ങളും തൊഴിൽശാലകളുമാണ് വേദിയൊരുക്കിയിട്ടുള്ളത്. ജാത്യാ

ധിഷ്ഠിതമായി തൊഴിലുകൾ വിഭജിക്കപ്പെട്ടിരുന്നതുകൊണ്ട് ഇന്ത്യയിലെ പരമ്പരാഗത തൊഴിൽ-തൊഴിലിടങ്ങൾ ജാതിവ്യവസ്ഥകളുടെ കേന്ദ്രങ്ങളായി പരിണമിച്ചിരുന്നു. തൊഴിലും ജാതിയും പരസ്പരപൂരകങ്ങളായതുകൊണ്ട് ജന്മപാരമ്പര്യമനുസരിച്ച് തൊഴിലുകൾ കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെ ആശാരിയുടെ മകൻ ആശാരിയും, മുക്കുവന്റെ മകൻ മുക്കുവനുമായി മാറി; മണ്ണിൽ പണിയെടുക്കുന്ന പുലയന്റെ മകൻ പുലയനും, വേദാധികാരിയായ ബ്രാഹ്മണന്റെ മകൻ വേദാധികാര ബ്രാഹ്മണനുമായി മാറി.

ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ തൊഴിൽവ്യവസ്ഥയിൽ, ജാതിവ്യവസ്ഥയിലെ ഉച്ചനീചഭേദവിചാരത്തിന് അനുസൃതമായി തൊഴിൽപരമായ ഉച്ചനീചഭേദവും കല്പിക്കപ്പെട്ടിരുന്നു. എൺപതു ശതമാനം ജനങ്ങളും ഉപജീവനത്തിനായി കൃഷിയെ ആശ്രയിച്ചിരുന്ന ഒരു സമൂഹമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം. ആ കേരളത്തിൽ കൃഷിപ്പണി വളരെ മോശം കാര്യമായിട്ടായിരുന്നു കരുതപ്പെട്ടിരുന്നത്. അതുകൊണ്ടാണല്ലോ ബുദ്ധി കൃഷി ചെയ്യുന്ന സവർണനെയും മണ്ണിൽ കൃഷി ചെയ്യുന്ന പുലയനെയും യഥാക്രമം കുതിരയും പോത്തുമായി പരികല്പന നടത്തി അവരെ രണ്ടുപേരെയും ഒരുമിച്ചിരുത്തി പഠിപ്പിക്കുന്നത് കുതിരയെയും പോത്തിനെയും ഒരേ നുകത്തിൽ കെട്ടുന്നതിനു തുല്യമായിരിക്കുമെന്നു 1910-ൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പ്രഖ്യാപിച്ചത്.

തൊഴിലിടങ്ങളിലെ ജാതിഭേദവിചാരം ഇനിയും അസ്തമിച്ചിട്ടില്ലാത്ത ഇന്ത്യയിൽ ഇന്നും മനുഷ്യർക്ക് ഒരുമിച്ചുകൂടാനുള്ള പൊതുവേദികൾ ഒരുക്കുന്നതു പൊതുവിദ്യാലയങ്ങളാണ്. ചാവറയച്ചൻ പള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനു മുമ്പേതന്നെ ഇവിടെ വിദ്യാലയങ്ങൾ സ്ഥാപിതമായിരുന്നു. പക്ഷെ, നമ്മുടെ തൊഴിലിടങ്ങളെപ്പോലെ അവയും ജാത്യാധിഷ്ഠിതമായ അതിർവരമ്പുകൾ സൂക്ഷിച്ചിരുന്നു. ഇന്നത്തെ എറണാകുളം ഗേൾസ് ഹൈസ്കൂളിന്റെ അന്നത്തെ പേര് *കാസ്റ്റ് ഹിന്ദു ഗേൾസ് ഹൈസ്കൂൾ* എന്നായിരുന്നു എന്നത് ഒരു ചരിത്രയാഥാർത്ഥ്യം എന്ന നിലയ്ക്ക് ഓർക്കാവുന്നതാണ്. വിദ്യാലയത്തിന്റെ പേരിൽത്തന്നെ ജാതി നിർണ്ണയിക്കപ്പെട്ടിരുന്നു എന്നർത്ഥം. ഈ വിധ ജാതിവ്യവസ്ഥ ഒരിക്കലും ഒരു പൊതുസമൂഹസൃഷ്ടിയെ സഹായിക്കുകയുമില്ല.

ഈ സാഹചര്യത്തിലാണു ചാവറയച്ചന്റെ പള്ളിക്കൂടസങ്കല്പത്തെ നാം വിലയിരുത്തേണ്ടത്. ഈ സങ്കല്പം വികസ്വരമായി അരനൂറ്റാണ്ടു കഴിഞ്ഞതിനുശേഷവും, പുരോഗമനകാരികൾ എന്നു വിശേഷിപ്പിക്കപ്പെടുന്നവർ വരെ വിദ്യാലയങ്ങളെ പൊതുവേദിയാക്കുന്നതിനു എതിരായിരുന്നുവെന്ന് ഓർക്കണം. കേരളത്തിൽ ജാതിമതചിന്തകൾക്ക് അതീതമായ ഒരു പൊതുസമൂഹം വളർന്നുവികസിച്ചത് പൊതുവിദ്യാലയങ്ങളിലൂടെയായിരുന്നുവെന്നതും മറക്കരുത്. പുലയനെ തൊട്ടാൽ ബ്രാഹ്മണൻ ശിലയായി മാറില്ല

എന്നു കേരളീയസമൂഹം തിരിച്ചറിഞ്ഞത് പൊതുവിദ്യാലയങ്ങളിലൂടെയാണ്.

ബാഹ്യമായ രീതിയിലാണെങ്കിൽ പോലും ജാതിമത ചിന്തകൾക്ക് അതീതമായി ഒരുമിക്കുന്ന ഒരു സമൂഹമായി കേരളം മാറിയതിനു നാം കടപ്പെട്ടിരിക്കുന്നത് പ്രധാനമായും പൊതുവിദ്യാലയങ്ങളോടാണ്. ക്ഷേത്രപ്രവേശനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പിന്നീടുണ്ടായതാണ്. ഇന്ത്യൻനാഷണൽ കോൺഗ്രസ് പോലും 1926-ലാണ് അയിത്തത്തിന് എതിരേയുള്ള പ്രമേയം അംഗീകരിച്ചത്. അതിനും ആറു പതിറ്റാണ്ട് മുമ്പ് സർവരും ഒത്തുചേരേണ്ട പൊതുവേദിയാണു വിദ്യാലയം എന്ന സന്ദേശവുമായി ജാതിമാതാതീതമായ പൊതുസമൂഹസൃഷ്ടിക്കു നേതൃത്വമേകി എന്നതാണ് ചാവറയച്ചൻ നല്കിയ മഹത്തായ സംഭാവന. കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിനും, ഭാരതീയ ഋഷിപാരമ്പര്യത്തെ ക്രൈസ്തവ ആധ്യാത്മികതയുമായി സംയോജിപ്പിക്കുന്നതിലും അദ്ദേഹം നല്കിയ സംഭാവനകൾ വളരെ വലുതു തന്നെയാണ്. ആധുനിക സാമൂഹിക ജീവിത പശ്ചാത്തലത്തിൽ നോക്കുമ്പോൾ ചാവറയച്ചന്റെ പള്ളിക്കൂടസങ്കല്പത്തിന്റെ മികവ് ഒട്ടും ചെറുതല്ല.

■